LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനായി സർക്കാർ കയർഫെഡിനെ ചുമതലപ്പെടുത്തുകയും ഇതിനായി കയർഫെഡിന് ധനസഹായം അനുവദിക്കുകയും ചെയ്തു. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായി വർദ്ധിപ്പിച്ചു. കയറിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. ഗ്രീവൻസ് കമ്മിറ്റി കൂടി കയർ ഉൽപ്പന്നങ്ങളുടെ വിലയും പുതുക്കി നിശ്ചയിച്ചു. ചകിരി ഉൽപ്പാദനത്തിന് നാളികേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി.

മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം

232 (2470) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ &ബി) മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഹൈടെക് ഇൻഡസ്ട്രിയൽ സർവ്വീസസ് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിന് കമ്പനി സമർപ്പിച്ച സാധ്യത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ നടപടി

233 (2471) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രപൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്. ഈ സംവിധാനത്തിന്റെ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) MoU സംവിധാനം നടപ്പിലാക്കുന്നതുവഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

234 (2472) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 2011-2014 കാലയളവിൽ ഓരോ വർഷവും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ട്; ഈ കാലയളവിൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും പ്രതിവർഷം ലഭിച്ച വരുമാനം എത്രയാണ്; ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; വിശദമാക്കുമോ ;

(ഡി) 2011-2014 കാലയളവിൽ സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും നൽകിയ തുക എത്ര വീതമാണെന്നും അറിയിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?